# 06.12.2017-ൽ നടന്ന ദ്വൈമാസ അവലോകനയോഗത്തിന്റെ നടപടി ചുരുക്കം

2017-ലെ അവസാന ദ്വൈമാസ അവലോകനയോഗം 06.12.2017-ൽ വകുപ്പുതലവന്റെ അദ്ധ്യക്ഷതയിൽ രാവിലെ 10.30-ന് ആരംഭിച്ചു. പങ്കെടുത്ത ജീവനക്കാരുടെ പേരുവിവരം അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.

കഴിഞ്ഞ യോഗത്തിൽ പ്രതിപാദിച്ച ആശയങ്ങൾ വിലയിരുത്തുന്നതോടൊപ്പം പ്ലാൻ ഫണ്ടിൽ നൽകിയിട്ടുള്ള അലോട്ട്മെന്റ് പൂർണ്ണമായും ഉപയോഗിക്കണമെന്നും ട്രഷറിയിൽ നിന്ന് പണം മാറിയാൽ മാത്രമെ എക്സ്പെന്റിച്ചറായി കണക്കിൽപ്പെടുത്താൻ കഴിയുകയുള്ളൂ എന്നും വകുപ്പദ്ധ്യക്ഷ അറിയിച്ചു. ചാവക്കാട് ഡിസ്പെൻസറിയിൽ രോഗികൾ വരുന്നത് കുറവാണെന്ന് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട്പ്രകാരം അറിയാൻ സാധിച്ചു. കൂടാതെ, ചാവക്കാട് ഡിസ്പെൻസറിയിലെ ജീവനക്കാർ ജോലിക്ക് ഹാജരാകുന്നതിൽ കൃത്യനിഷ്ഠ പാലിക്കുന്നില്ല എന്നും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ചാവക്കാട് ഡിസ്പെൻസറിയും കുന്നംകുളം ഡിസ്പെൻസറിയും സംയോജിപ്പിക്കുന്നതിന് ഒരു പരിശോധന റിപ്പോർട്ട് മധ്യ മേഖല ആർ.ഡി.ഡി. നൽകേണ്ടതാണ്. ആശുപത്രി സൂപ്രണ്ടുമാർക്ക് മറ്റ് സ്വകാര്യ ആശുപത്രികളെ സ്പെഷ്യാലിറ്റി ചികിത്സ നൽകുന്നതിന് ഇ.എസ്.ഐ.യുമായി എംപാനൽ ചെയ്യണമെന്ന് താല്പര്യമുണ്ടെങ്കിൽ ആ വിവരം അറിയിക്കേണ്ടതാണ്. അതോടൊപ്പം എംപാനൽമെന്റ് ചെയ്യുന്നതിന് സെലക്ട് ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ ഇൻസ്പെക്ഷൻ റിപ്പോർട്ട് സൂപ്രണ്ടുമാർ അടിയന്തിരമായി നൽകേണ്ടതുമാണ്.

KILE, Soft Skill and Administrative matters-ന് ട്രെയിനിംഗ് മേഖലാടിസ്ഥാനത്തിൽ/ജില്ലാടിസ്ഥാനത്തിൽ നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കേണ്ടവരുടെ പട്ടിക മേഖല ഡെപ്യൂട്ടി ഡയറക്ടർമാർ അയച്ചുതരേണ്ടതാണ്.

സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കുന്നതിനുള്ള ARM/SRM ജോലികളുടെ എസ്റ്റിമേറ്റുകൾ ആശുപത്രി വികസന സമിതിയിൽ പാസാക്കി എല്ലാ സൂപ്രണ്ടുമാരും ഡിസംബർ 20- ന് മുമ്പ് ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്.

ജോലിയിൽ നിന്ന് വിരമിച്ച ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് നൽകുന്ന ചികിത്സ/റീഇംബേഴ്സ്-മെന്റ് എന്നിവയുടെ എണ്ണം കൃത്യമായി കണക്കാക്കുന്നതിന് എല്ലാ ഡിസ്പെൻസറി മെഡിക്കൽ

ഓഫീസർമാരും ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. (Online MRC application പ്രവർത്തനക്ഷമമാകുന്നതുവരെ രജിസ്റ്റർ കൃത്യമായി എഴുതേണ്ടതാണ്).

<u>രജിസ്റ്ററിന്റെ മാതൃക</u>

| Sl.No. | Name of Pensioner | IP No. | Name of Disease | MRC amount claimed | Amount Passed |
|---|---|---|---|---|---|
| | | | | | |

24.11.2017-ൽ ബംഗളൂരുവിൽവച്ച് ഇ.എസ്.ഐ.സി. ഡയറക്ടർ ജനറലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേരളത്തിലെ ഇ.എസ്.ഐ. ആശുപത്രികൾ വളരെ മോശമായ സേവനമാണ് കാഴ്ചവയ്ക്കുന്നതെന്നും കൂടാതെ സ്പെഷ്യലിസ്റ്റുകൾ ധാരാളമുണ്ടായിരുന്നിട്ടും മറ്റ് എംപാനൽഡ് സെന്ററുകളിലേക്ക് ഇ.എസ്.ഐ. ഗുണഭോക്താക്കളെ ചികിത്സയ്ക്ക് റഫർ ചെയ്യുന്നതു കാരണം ഏറ്റവും കൂടുതൽ ചെലവു വരുത്തിയ സംസ്ഥാനം കേരളമാണെന്നും ഇ.എസ്.ഐ.സി. ഡയറക്ടർ ജനറൽ അറിയിച്ചതായി വകുപ്പദ്ധ്യക്ഷ യോഗത്തിൽ അറിയിച്ചു. ആശുപത്രിയുടെ സേവനം എപ്രകാരം വകുപ്പിന് മെച്ചപ്പെടുത്തുവാനാകും എന്ന വിഷയമായിരുന്നു ഇത്തവണത്തെ ദ്വൈമാസ അവലോകന യോഗത്തിന്റെ പ്രധാന അജണ്ട. ഇതു ചർച്ച ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ ആശുപത്രികളിൽ നിന്നുമുള്ള സർജിക്കൽ സ്പെഷ്യലിസ്റ്റുമാരെ (സർജറി,ഗൈനക്,ഓർത്തോ, അനസ്തേഷ്യ) യോഗത്തിൽ പങ്കെടുക്കാൻ അറിയിച്ചിരുന്നു. ഓരോ ആശുപത്രിയിലേയും സ്പെഷ്യലിസ്റ്റുമാർ ചർച്ച ചെയ്ത വിഷയങ്ങളുടെ നടപടി ചുരുക്കം ചുവടെ കൊടുക്കുന്നു.

എല്ലാ ആശുപത്രി സൂപ്രണ്ടുമാരും ഡോക്ടർമാരും അവരുടെ സേവനം കൃത്യനിഷ്ഠയോടും കാര്യക്ഷമതയോടും നിർവഹിക്കേണ്ടതാണെന്നും ലഭ്യമായ സൗകര്യങ്ങളുപയോഗിച്ച് മികവുറ്റ സേവനം എല്ലാവരിൽ നിന്നും പ്രതീക്ഷിക്കുന്നതായും വകുപ്പദ്ധ്യക്ഷ ഡോ. അജിത നായർ അറിയിച്ചു.

സർവീസ് ക്വാട്ടയിൽ പി.ജി. ചെയ്ത സ്പെഷ്യലിസ്റ്റുകൾ ഇ.എസ്.ഐ. ആശുപത്രികളിൽ സേവനം ചെയ്യാൻ ബാധ്യസ്ഥരാണെന്നും വകുപ്പദ്ധ്യക്ഷ ഓർമ്മപ്പെടുത്തി.

എറണാകുളം, ആലപ്പുഴ, വടവാതൂർ, പാലക്കാട് എന്നീ ഇ.എസ്.ഐ. ആശുപത്രികൾ ഒഴിച്ചുള്ള മറ്റെല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും ബെഡ് ഒക്യുപൻസി 40% ൽ താഴെയാണെന്ന് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് പ്രകാരം മനസിലാക്കുന്നത്. എന്നാൽ പല ആശുപത്രികളും ബെഡ് ഒക്യുപൻസി കണക്കാക്കുന്നത് ശരിയായ രീതിയിലാണെന്ന് കരുതുന്നില്ലെന്ന് ഡയറക്ടർ അറിയിച്ചു. തുടർന്ന് അയക്കുന്ന ബെഡ് ഒക്യുപൻസി റിപ്പോർട്ട് എല്ലാ ആശുപത്രി ആർ.എം.ഒ.മാരും കാൽക്കുലേഷനിലെ കൃത്യത ഉറപ്പുവരുത്തിയശേഷം മാത്രം റിപ്പോർട്ട്, ഡയറക്ടറേറ്റിൽ അയയ്ക്കേണ്ടതാണ്. മേൽ സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ടുകൾ ആശുപത്രി സൂപ്രണ്ടുമാർ മോണിറ്റർ ചെയ്യേണ്ടതാണ്.

കർശനമായ നിർദ്ദേശം നൽകിയിട്ടും കൊട്ടാരക്കര ഇ.എസ്.ഐ. ഡിസ്പെൻസറി ഐ.എ.ഒ.യും ഫീഡിംഗ് ഡിസ്പെൻസറികളുടെ അവലോകന മേധാവിയുമായ ഡോ. സെലിനാമ്മ ജോൺ 06.12.2017-ൽ നടന്ന വകുപ്പുതല അവലോകനയോഗത്തിൽ പങ്കെടുക്കാതിരുന്നതിന്റെ കാരണം, വിശദീകരണസഹിതം 2017 ഡിസംബർ 25-നകം ഡയറക്ടർക്ക് നൽകേണ്ടതാണ്. (നടപടി: ഐ.എം.ഒ. ഇ.എസ്.ഐ. ഡിസ്പെൻസറി, കൊട്ടാരക്കര)

<u>വിശദമായ ചർച്ചക്കുശേഷം വകുപ്പദ്ധ്യക്ഷ എടുത്ത തീരുമാനങ്ങളും നിർദ്ദേശങ്ങളും</u>

(1) Major Surgery നടത്താനാവശ്യമായ ബേസിക് എക്യുപ്മെന്റ്സ്, സ്പെഷ്യലിസ്റ്റുകൾ, ഇതര ജീവനക്കാർ എന്നിവരുള്ള എല്ലാ ആശുപത്രികളും സർജറി നടത്തേണ്ടതാണ്.

(2) Pre-anaesthetic check up കഴിയുന്നതും രോഗികൾക്ക് അസൗകര്യമില്ലാത്തവിധത്തിൽ നടത്തേണ്ടതാണ്. High risk patients-നെ റഫർ ചെയ്യുന്നത് സൂപ്രണ്ടിന്റെ അറിവോടെ ആയിരിക്കണം. (നടപടി: പേരൂർക്കട ആശുപത്രി സൂപ്രണ്ട്)

(3) ഗുണമേന്മയില്ലാത്ത പ്ലാസ്റ്റർ വിതരണം ചെയ്യുന്നുണ്ടെങ്കിൽ അത് സൂപ്രണ്ടുമാർ ഡ്രഗ് ഇൻസ്പെക്ടർമാരെ അറിയിക്കേണ്ടതാണ്.

ജോലിക്കുറവുള്ള ഡിസ്പെൻസറികളിൽ ജീവനക്കാർ കൂടുതലുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ അത് റിപ്പോർട്ട് ചെയ്യേണ്ടതാണ്. (നടപടി — ആർ.ഡി.ഡി.മാർ)

പ്രോജക്ട് പഞ്ചദീപിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള ധന്വന്തരി എന്ന Health Information System-ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയും ഒരു നോഡൽ ഓഫീസറെ നിയമിക്കണമെന്ന് എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഉത്തരമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഒഴിച്ചുള്ള മറ്റ് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ ജില്ലാതല നോഡൽ ഓഫീസർമാരുടെ വിവരംനല്കിയിരുന്നു. ഉത്തരമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ എത്രയും വേഗം ജില്ലാതല നോഡൽ ഓഫീസർമാരുടെ പേര്, ഉദ്യോഗപ്പേര്, ജോലിചെയ്യുന്ന സ്ഥാപനത്തിന്റെ പേര്, മൊബൈൽ നമ്പർ, ഇ-മെയിൽ ഐ.ഡി എന്നിവ സഹിതം ഡിസംബർ 20-ന് മുമ്പ് ഈ ഓഫീസിൽ അയച്ചുതരേണ്ടതാണ്. (നടപടി- റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഉത്തരമേഖല)

2017 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട് best institution award നിർണ്ണയിക്കുന്നതിന്റെ ഭാഗമായി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ നടത്തിയ നിരീക്ഷണത്തിൽ നിന്നുംതെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ രണ്ട് ആശുപത്രികളുടെയും അഞ്ച് ഡിസ്പെൻസറികളുടെയും വിശദമായവിവരങ്ങൾ, ഓരോ ഐറ്റത്തിനും നൽകിയ മാർക്കുകൾ ഉൾപ്പെട്ട്, ഒട്ടിച്ചകവറിൽ ഡിസംബർ 26-നകം ഡയറക്ടർക്ക് സമർപ്പിക്കുക. (നടപടി- റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ)

അധികം ഇ.എസ്.ഐ. ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നത് കേരളത്തിലായതിനാലും കൂടുതൽ ചെലവുകൾ വരുത്തുന്നത് കേരളമായതിനാലും ഇ.എസ്.ഐ. കോർപ്പറേഷൻ ഒരു സബ് കമ്മിറ്റിയെ നിയമിക്കുന്നതാണെന്ന് 24-ന് ബംഗളൂരുവിൽ നടന്ന യോഗത്തിൽ ഇ.എസ്.ഐ.സി. ഡയറക്ടർ ജനറൽ പറഞ്ഞതായി ഡയറക്ടർ എല്ലാവരെയും അറിയിച്ചു.

(4) സർജറി നടത്താനാവശ്യമായ ഉപകരണങ്ങളില്ലെന്ന് യോഗത്തിൽ പങ്കെടുത്ത എല്ലാ സ്പെഷ്യലിസ്റ്റുമാരും അറിയിച്ചു. Orthopaedic Operating table, C-Arm, Autoclave, Suction Unit മുതലായ ഒ.റ്റി. ഉപകരണങ്ങൾ ആശുപത്രിയിലെ സ്പെഷ്യലിസ്റ്റുമാരുടെ അഭിപ്രായമാരാഞ്ഞ് ആവശ്യമായ ഉപരകണങ്ങളുടെ ഒരു പ്രൊപ്പോസൽ ജനുവരിക്കു മുമ്പ് എത്തിക്കേണ്ടതാണ്. ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ, ഏകദേശ വില മുതലായവ ഉൾപ്പെടുത്തണം. നിലവിൽ പ്രസ്തുത ഉപകരണങ്ങളുണ്ടെങ്കിൽ അവയുടെ ഇപ്പോഴത്തെ സ്ഥിതി, വാങ്ങിയ തീയതി മുതലായവ കാണിക്കണം. Additional requirement ആണെങ്കിൽ അതിന്റെ വിശദീകരണം ആവശ്യമാണ്. (നടപടി: സൂപ്രണ്ടുമാർ)

(5) ഇ.എസ്.ഐ. ആശുപത്രികളിൽ ചെയ്യാൻ പറ്റുന്ന സർജറികൾക്കൊന്നും എംപാനൽഡ് സെന്ററുകൾക്ക് റഫറൻസ് നൽകാൻ പാടില്ല. മാസംതോറും റഫർ ചെയ്യുന്ന സ്പെഷ്യാലിറ്റി കെയറിന്റെ അവലോകനം നടത്തി റിപ്പോർട്ട് ഡയറക്ടറേറ്റിൽ അയക്കേണ്ടതാണ്. (നടപടി: സൂപ്രണ്ടുമാർ)

(6) HBsAg, HIV, VDRL എന്നിവയ്ക്കുള്ള കിറ്റ് ആവശ്യമുണ്ടെങ്കിൽ, സെൻട്രൽ മെഡിക്കൽ സ്റ്റോറിൽ ലഭ്യമല്ലെങ്കിൽ ഓരോ മാസത്തേക്ക് ആവശ്യമുള്ളതനുസരിച്ച് ഡയറക്ടറേറ്റിൽ ക്വട്ടേഷൻ നൽകേണ്ടതാണ്. (നടപടി: പേരൂർക്കട ആശുപത്രി സൂപ്രണ്ട്)

(7) Multi para monitor ആവശ്യമായ ആശുപത്രികൾ ആശുപത്രി വികസന സമിതി വഴി വാങ്ങാവുന്നതാണ്.(നടപടി: ഇ.എസ്.ഐ. ആശുപത്രി സൂപ്രണ്ടുമാർ)

(8) സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി, ആർ.സി.സി. ചികിത്സക്കായി റഫർ ചെയ്യുന്ന രോഗികളുടെ വിവരം പ്രത്യേകം പ്രത്യേകം രജിസ്റ്ററുകളിൽ എഴുതേണ്ടതാണ്. (നടപടി: എല്ലാ ആശുപത്രി സൂപ്രണ്ടുമാരും)

**<u>രജിസ്റ്ററിന്റെ മാതൃക</u>**

| Sl. No. | Date | Name of IP/Family | IP No. | Diagnosis | Mode of Rx/ investigation | Name of Empanelled Hospitals referred to | Date of received bill | Amt. claimed | Date of despat ch | Amt. sancti oned | Initials of authority | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | |

(9) അനസ്തേഷ്യ ടെക്നീഷ്യനെ ആവശ്യമുള്ള സ്ഥാപനങ്ങൾ സർക്കാരിലേക്ക് കത്ത് നൽകുന്നതിന് ഒരു പ്രൊപ്പോസൽ നൽകുക. പ്രസ്തുത ആശുപത്രികളിൽ ഒരു വർഷം നടന്ന മേജർ സർജറികളുടെ കണക്കും നൽകേണ്ടതാണ്. (നടപടി: ആശുപത്രി സൂപ്രണ്ടുമാർ)

(10) വടവാതൂർ ഇ.എസ്.ഐ. ആശുപത്രിയിൽ ബേസിക് ഉപകരണങ്ങൾ ഉൾപ്പെടുത്തി ICU ആരംഭിക്കണമെന്ന് സർജൻ അഭിപ്രായപ്പെട്ടു. അതിനാവശ്യമായ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻസ്, ഏകദേശ വില, ആവശ്യമായ സിവിൽ ഇലക്ട്രിക് ജോലികൾ ഉൾപ്പെടെ എസ്റ്റിമേറ്റ് നൽകുക. (നടപടി — വടവാതൂർ ആശുപത്രി സൂപ്രണ്ട്)

(11) ഒളരിക്കര ഇ.എസ്.ഐ. ആശുപത്രിയിൽ ലേബർ റൂം സജ്ജമാകുന്ന മുറയ്ക്ക് ഗൈനക്കോളജി വിഭാഗം പ്രവർത്തനക്ഷമമാകുന്നതാണെന്ന് ഒളരിക്കര ഇ.എസ്.ഐ. ആശുപത്രി ഗൈനക്കോളജിസ്റ്റ് അറിയിച്ചു. കൂടാതെ ഡെലിവറിക്കാവശ്യമായ ലേബർ കോട്ട് ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾ വാങ്ങിക്കൊടുക്കാനുള്ള നടപടി മുൻകൂർ ആരംഭിക്കുക. (നടപടി — ഒളരിക്കര ആശുപത്രി സൂപ്രണ്ട് & ഗൈനക്കോളജിസ്റ്റ്)

(12) അനസ്തേഷ്യ നൽകുന്നതിനാവശ്യമായ മോർഫിൻ, പെത്തഡിൻ മുതലായ narcotics ലഭ്യമാക്കുക. (നടപടി — സ്റ്റോർ സൂപ്രണ്ട്)

(13) Ultra Sound guided blocks- മായി ബന്ധപ്പെട്ട പരിശീലനം അനസ്റ്റെറ്റിസ്റ്റുമാർക്ക് നൽകുക. (നടപടി — ബി4 സെക്ഷൻ)

(14) Empanelled Centres-ൽ റഫർ ചെയ്യാനായി ഉപയോഗിക്കുന്ന അപ്ലിക്കേഷനിൽ അപാകതകൾ ഉള്ളതായും, എത്ര തവണ റഫറൻസ് നൽകിയെന്നോ തുക എത്ര അനുവദിച്ചുവെന്നോ വ്യക്തമല്ല എന്നും അഭിപ്രായമുണ്ടായി. Issues അടിയന്തിരമായി പരിഹരിക്കുവാനും SST reference-ന് ഒരു training/discussion ആവശ്യമാണെന്ന് സൂപ്രണ്ടുമാർ അഭിപ്രായപ്പെട്ടു. കത്ത് എസ്.എം.സിക്ക് നൽകുക.

(15) സൂപ്പർ സ്പെഷ്യാലിറ്റി ബില്ലുകൾ പ്രോസസ് ചെയ്യുന്നതിനായി നിയമിച്ചിരുന്ന് റിട്ടയർ ചെയ്ത ജീവനക്കാരെ പിരിച്ചുവിട്ടതിനാൽ പ്രസ്തുത ബില്ലുകൾ കൈകാര്യം ചെയ്യുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു.(നടപടി: എസ്റ്റാബ്ലിഷ്മെന്റ് സൂപ്രണ്ട്)

(16) ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്ന സ്പെഷ്യലിസ്റ്റുകൾക്ക് പ്രോത്സാഹനമായി അലവൻസ് നൽകുക. (നടപടി: ബി2 സെക്ഷൻ)

(17) ഡിസംബർ മുതൽ അനസ്തേഷ്യ വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നതാണെന്ന് പേരൂർക്കട ആശുപത്രി അനസ്തെറ്റിസ്റ്റ് അറിയിച്ചു. പ്രസ്തുത ആശുപത്രിയിൽ സർജറി വിഭാഗത്തിലും ഓർത്തോ വിഭാഗത്തിലും കൂടുതൽ സർജറികൾ നടത്തേണ്ടതാണ്. ആവശ്യമുള്ള ഉപകരണങ്ങൾ ആശുപത്രി വികസന സമിതി വഴി സൂപ്രണ്ട് വാങ്ങി നൽകേണ്ടതാണ്. (നടപടി — പേരൂർക്കട ആശുപത്രി സൂപ്രണ്ട്)

യോഗം 1.45 പി.എം.ന് അവസാനിച്ചു.

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ

**06.12.2017-ൽ ചേർന്ന ദ്വൈമാസ അവലോകനയോഗത്തിൽ പങ്കെടുത്ത ജീവനക്കാരുടെ പേര് വിവരം**

| Sl. No | Name & Designation | Name of Institution |
|---|---|---|
| 1. | Dr.M.S.Geetha Devi, Joint Director | Directorate of Insurance Medical Services |
| 2. | Dr.Premakumari, Regional Deputy Director | (NZ) Kozhikode |
| 3. | Dr.Rita.K.M, Surgeon | ESI Hospital, Ernakulam |
| 4. | Dr.Chandramathy Karunakaran.A, Superintendent | ESI Hospital, Ernakulam |
| 5. | Dr.A.Rani Prasad, Gynaecologist | ESI Hospital, Ernakulam |
| 6. | Dr.Joan Karan Meyan, Anesthesiologist | ESI Hospital, Ernakulam |
| 7. | Dr.C.H.S Mani, Anesthesiologist | ESI Hospital, Peroorkada |
| 8. | Dr. Mini Grace, Insurance Medical Officer | ESI Dispensary, Pattathanam |
| 9. | Dr.Nishi Mary Joseph, Surgeon | ESI Hospital, Palakkad |
| 10. | Dr.Dileep.S.M, Anesthesiologist | ESI Hospital, Palakkad |
| 11. | Dr.Subramanian.S.K, Ortho Surgeon | ESI Hospital, Palakkad |
| 12. | Dr.M.V.Vijayan, Ortho Surgeon | ESI Hospital, Olarikkara |
| 13. | Dr.Suresh.P.M, Ortho Surgeon | ESI Hospital/Dispensary, Peroorkada |
| 14. | Dr.Kannan A, Anesthesiologist | ESI Hospital, Alappuzha |
| 15. | Dr. Louis Judy George, Ortho Surgeon | ESI Hospital, Ernakulam |
| 16. | Dr.Joseph.K.C, Surgeon | ESI Hospital, Feroke |
| 17. | Dr.P.K.Sudheer Babu, Superintendent | ESI Hospital, Feroke |
| 18. | Dr.C.Ranjita, Anesthesiologist | ESI Hospital, Feroke |
| 19. | Dr.Remadevi.K.B, Gynaecologist | ESI Hospital, Feroke |
| 20. | Dr.Shaji.C.P, Ortho | ESI Hospital, Feroke |
| 21. | Dr.Sujith Sukumaran.P, Gynaecologist | ESI Hospital, Olarikkara |
| 22. | Dr.Suraja.N.V, Surgeon | ESI Hospital, Olarikkara |
| 23. | Dr.Satheeshkumar.C, Anesthesiologist | ESI Hospital, Olarikkara |
| 24. | Dr. K.K.Radhakrishnan, Superintendent | ESI Hospital, Olarikkara |
| 25. | Dr.A.P.Mohammed, Superintendent | ESI Hospital, Alappuzha |
| 26. | Dr.Rema.P, Superintendent (I/C) | ESI (CD) Hospital, Mulamkunnathukavu |
| 27. | Dr.Latha Sahadevan, Deputy Director (Ayurveda) | O/o Deputy Director, IMS |
| 28. | Dr.Ajitha. T.P, Deputy Director (Homoeo) | O/o Deputy Director, IMS |
| 29. | Dr.Anitha.D, Regional Deputy Director | (CZ) Ernakulam |
| 30. | Dr.Suganthi Gopinath, Superintendent | ESI Hospital, Peroorkada |

(....2)

| Sl. No | Name & Designation | Name of Institution |
|---|---|---|
| 31. | Dr.Kumari Letha, Superintendent | ESI Hospital, Vadavathoor, Kottayam |
| 32. | Dr.Ance Joseph, Anesthesiologist | ESI Hospital, Vadavathoor |
| 33. | Dr.Geevan Mathew, Ortho Surgeon | ESI Hospital, Vadavathoor |
| 34. | Dr.Leji.K.V, Surgeon | ESI Hospital, Vadavathoor |
| 35. | Dr.Raziya Beegum.A, Gynaecologist | ESI Hospital, Peroorkada |
| 36. | Dr.Srinath.H, Ortho Surgeon | ESI Hospital, Thottada |
| 37. | Dr.Satheeshkumar.P.K, Ortho Surgeon | ESI Hospital, Alappuzha |
| 38. | Dr.Sanjay Kumar Bharat, Surgeon | ESI Hospital, Alappuzha |
| 39. | Dr.Anita S Sindhu, Surgeon | ESI Hospital, Peroorkada |
| 40. | Radha.T, Lay Secretary & Treasurer | ESI Hospital, Peroorkada |
| 41. | K.Murali, Senior Superintendent | Directorate of Insurance Medical Services |
| 42. | S.Ajitha, Senior Superintendent | Directorate of Insurance Medical Services |
| 43. | A.Karnnan, Junior Superintendent | Directorate of Insurance Medical Services |
| 44 | Lussamma Sebastian, Junior Superintendent | Directorate of Insurance Medical Services |
| 45 | Harrison D Perera, Junior Superintendent | Directorate of Insurance Medical Services |
| 46 | Meenakumari.N, Fair Copy Superintendent | Directorate of Insurance Medical Services |
| 47 | C.V.Usha, Store Keeper | Directorate of Insurance Medical Services |
| 48 | M.Prathapkumar, Head Clerk | ESI Dispensary, Pattathanam |
| 49 | P.R.Mini, Head Clerk | O/o. Regional Deputy Director, SZ, Kollam |
| 50 | Syaly V Louis | Directorate of Insurance Medical Services |

**Director of Insurance Medical Services**